Vol. 14, Sp. Issue: 2, Feb.: 2026
(IJRSML) ISSN: 2321 - 2853

# പരിസ്ഥിതിദർശനം എസ്.വി കഥകളിൽ

## Environmental Perspective in S.V.'s Stories

ANASWARA
Sr. Research Scholar
Department of Malayalam
Central University of Kerala

**സംഗ്രഹം**

*സാഹിത്യത്തിലെ പരിസ്ഥിതിദർശനം(Ecocriticism / Green Literature) പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും, പ്രകൃതിചൂഷണത്തിനെതിരെയുള്ള പ്രതിരോധത്തെയും അടയാളപ്പെടുത്തുന്നു. മനുഷ്യനാണ് സർവ്വപ്രധാനി എന്ന കാഴ്ചപ്പാട് (Anthropocentrism) മാറി പ്രകൃതിയിലെ സകലജീവജാലങ്ങൾക്കും നിലനിൽക്കാനുള്ള അവകാശമുണ്ടെന്ന തിരിച്ചറിവ് സാഹിത്യത്തിൽ വന്നത് ഈ ദാർശനികപദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ടാണ്. മലയാള ചെറുകഥാസാഹിത്യ ത്തിലെ പ്രധാനിയായ എസ്.വി വേണുഗോപൻനായരുടെ കഥകളിലെ പരിസ്ഥിതി ദർശനം എപ്രകാരമാണെന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധം.*

---

**താക്കോൽവാക്കുകൾ**: *പരിസ്ഥിതിദർശനം(Ecocriticism), മനുഷ്യ കേന്ദ്രീകൃതം (Anthropocentrism), ആധുനികത(Modernism), ആധുനികാനന്തരത(Post Modernism)*

---

### പരിസ്ഥിതിദർശനം എസ്.വി കഥകളിൽ

പരിണാമശൃംഖലയിലെ അവസാനകണ്ണികളിലൊരാളായി, ദൈവത്തിന്റെ മഹനീയസൃഷ്ടിയാണെന്ന് സ്വയം കൽപ്പിച്ചുകൊണ്ടാണ് മനുഷ്യർ ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചെടുത്തത്. പരിസ്ഥിതിക്കനുഗുണമായ ജീവിതരീതികൾ കൈക്കൊണ്ടും പ്രകൃതിയെയും പ്രതിഭാസങ്ങളെയും തനിക്കൊത്ത് മെരുക്കിയെടുത്തും അനുശീലിപ്പിച്ചുകൊണ്ടുമാണ് മനുഷ്യർ തന്റെ സംസ്കൃതിയെ എക്കാലത്തും മുന്നോട്ടുകൊണ്ടുപോന്നിട്ടുള്ളത്. എല്ലാ പ്രാക്തനസമൂഹങ്ങളും പ്രാചീന സംസ്കൃതികളും മനുഷ്യ-പ്രകൃതിബന്ധത്തിലധിഷ്ഠിതമായ വീക്ഷണം ഉൾക്കൊണ്ടിരുന്നു. മനുഷ്യൻ ആദിമകാലം മുതൽ തന്റെ ചുറ്റുപാടുകളിലുള്ള മൃഗങ്ങളെയും പക്ഷികളെയും നിരീക്ഷിക്കുകയും അവയുമായി സഹവർത്തിത്വത്തിൽ ജീവിക്കുകയും ചെയ്തു. ഈ അനുഭവങ്ങളും നിരീക്ഷണങ്ങളും പിന്നീട് കഥകളായും കവിതകളായും ജനകീയഗാനങ്ങളായും സാഹിത്യത്തിൽ പ്രതിഫലിച്ചു. നേരിട്ടുകാണുകയും അനുഭവിക്കുകയും ചെയ്തുവന്ന പ്രകൃതിയിലെ ശക്തവും മനോഹരവുമായ ഘടകങ്ങളെയും പ്രതിഭാസങ്ങളെയും ഭയത്തോടും ആദരവോടും കൂടി സമീപിച്ചുവന്ന ആദിമസമൂഹങ്ങളിൽ ഉടലെടുത്ത പരിസ്ഥിതിദർശനത്തിന് ചാലകമായത് കാർഷികവൃത്തിയും അത് രൂപം കൊടുത്ത ജീവിതവ്യവസ്ഥയുമാണ്. സാഹിത്യ ത്തിലെ പരിസ്ഥിതിദർശനം മനുഷ്യന്റെ മനഃശാസ്ത്രത്തിന്റെ, സാമൂഹികജീവിത ത്തിന്റെ, നൈതികബോധത്തിന്റെ അതിനെല്ലാമുപരി, മനുഷ്യ-പ്രകൃതി ദ്വന്ദ്വബന്ധ ത്തിന്റെ സാംസ്കാരികരേഖയായി കണക്കാക്കാം. ഇത്തരത്തിൽ പ്രകൃതിയിലെ ജൈവാവസ്ഥകളെ സമഗ്രമായി ആവിഷ്കരിക്കുന്ന പരിസ്ഥിതിദർശനം താനെഴുതുന്ന കഥകളിലേക്ക് ആവാഹിച്ചവതരിപ്പിച്ച കഥാകാരനാണ് ഡോ.എസ്.വി വേണുഗോപൻനായർ. ഗർഭശ്രീമാൻ(1976), മൃതിതാളം(1979), ആദിശേഷൻ(1983), തിക്തം തീക്ഷ്ണം തിമിരം(1983), രേഖയില്ലാത്ത ഒരാൾ(1984), ഭൂമിപുത്രന്റെ വഴി (1987), ഒറ്റപ്പാലം(1990), കഥകളതിസാദരം(1996), എന്റെ പരദൈവങ്ങൾ(1997), വീടിന്റെ നാനാർത്ഥം(1998), കാമതീർത്ഥം(2001), വരുമ്പോൾ ഞാനെന്തു പറയും? (2007) എന്നീ കഥാസാമാഹരങ്ങളിലൂടെ മലയാള ചെറുകഥാസാഹിത്യത്തിൽ തന്റേതായ കഥാപരിസ്ഥിതിയെ സൃഷ്ടിച്ച കഥാകാരനാണ് അദ്ദേഹം.

പരിസ്ഥിതിദർശനത്തിൻെറ ആദ്യതലമാണ് പ്രകൃതിയിലെ ഏതൊരു ജീവിയെയും താനുൾപ്പെടുന്ന പ്രപഞ്ചത്തിൻെറയും ഭൂമിയുടെയും അവകാശികളായി കണക്കാക്കുകയെന്നത്. ജന്തുലോകത്തെയും മനുഷ്യനെയും ഒരേ ജീവപരിണാമ ത്തിൻെറ പരസ്പരാശ്രിതങ്ങളായ കണ്ണിയായി കാണാൻ സഹായിച്ച ശാസ്ത്രീയചിന്ത യായ ചാൾസ്ഡാർവിൻെറ പരിണാമസിദ്ധാന്തത്തിൻെറയും പ്രകൃതിനിർദ്ധാരണ സിദ്ധാന്തത്തിൻെറയും സാന്നിധ്യം കൂട്ടിച്ചേർത്ത കഥകൾ എസ്.വിയുടെ കഥാ ലോകത്ത് കാണാൻ സാധിക്കുന്നു. അതുകൊണ്ടാണ് തൻെറ പത്തോളം കഥകൾക്ക് അദ്ദേഹം മനുഷ്യേതരജീവികളുടെ പേരുകൾ നാമകരണം ചെയ്തത്.

ഡാർവിൻെറ സിദ്ധാന്തത്തോടെയാണ് മൃഗങ്ങളെ വെറും താഴ്ന്നജീവികളായി കണക്കാതെ, വികാരങ്ങളും ബുദ്ധിയും സ്വഭാവങ്ങളുമുള്ള സങ്കീർണ്ണജീവികളായി സാഹിത്യകാരന്മാരും കണക്കാക്കാൻ തുടങ്ങിയത്. മനുഷ്യഗുണങ്ങളെ/ ജീവിതാനുഭവ ങ്ങളെ നേരിട്ട് പറയുന്നതിന് പകരം ജന്തുലോകവീക്ഷണത്തിലൂടെ അവതരിപ്പിക്കു മ്പോൾ സാഹിത്യത്തിന് രൂപകാത്മകമായ ഗൗരവസ്വഭാവം കൈവരുന്നു. നായ മുഖ്യകഥാപാത്രമാകുന്ന ബഷീറിൻെറ ടൈഗർ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കുരങ്ങനെ മുഖ്യകഥാപാത്രമാക്കിയെഴുതിയ വികൃതി രാമൻ(വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ), കാള മുഖ്യകഥാപാത്രമായ ശബ്ദിക്കുന്ന കലപ്പ(പൊൻകുന്നം വർക്കി) എന്നിങ്ങനെ മലയാളകഥാസാഹിത്യത്തിൽ ജന്തുലോകം കടന്നുവന്നിട്ടുണ്ടെങ്കിലും അവയിൽനിന്ന് വ്യത്യസ്തമായി ഓരോ മനുഷ്യജീവിതപരിസ്ഥിതിയൽ ചുറ്റിലുമുള്ള നാനാജാതി മൃഗങ്ങളെ കഥയിലേക്ക് സന്നിവേശിപ്പിക്കുകയാണ് എസ്.വി ചെയ്തിട്ടുള്ളത്. സർപ്പപുരാണം, കംഗാരു, ശ്വാനേശ്വരം, കാകഗാഥ, എലിയും മണിയും, എരുമ, ആമയും മുയലും ഒരിക്കൽക്കൂടി, പശുപതി, പല്ലി എന്നിങ്ങനെ വ്യത്യസ്തങ്ങളായ പേരുകളുള്ള കഥകൾ അദ്ദേഹം എഴുതിയിട്ടുണ്ട്. സാഹിത്യം മനുഷ്യരുടേത് മാത്രമല്ല, സഹജീവികളായ ജന്തുക്കളുടേതുകൂടിയാണ് എന്ന് അദ്ദേഹം ഈ കഥകളിലൂടെ പറയാതെ പറയുകയാണ്.

കഥകളുടെ തലക്കെട്ടുകളിൽ മാത്രമല്ല, കഥാവ്യാനത്തിലും അദ്ദേഹം തൻെറ ചുറ്റിലുമുള്ള ചെറുജീവികളെ കഥാപരിസരത്തിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. അതുകൊണ്ടാ ണ് ചിതലും ഉറുമ്പും പുളവനും നായയുമൊക്കെ അദ്ദേഹത്തിൻെറ മിക്ക കഥകളിലും പ്രത്യക്ഷപ്പെടുന്നത്. മനുഷ്യജീവിതത്തിനു മാതൃകയാവുന്ന ജീവികളായിട്ടാണ് എസ്.വി ഇവയെ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യന് സമാനമായ ജീവിതം നയിക്കുന്ന ജീവികളായിട്ടല്ല, മറിച്ച് നമ്മുടെ ജീവിതത്തിനാനുപാതികമായ ജീവിതം ജീവിച്ചു തീർക്കുന്ന ജീവികളെയാണ് എസ്.വിയുടെ കഥാലോകത്ത് കാണാൻ സാധിക്കുന്നത്. 'ഗർഭശ്രീമാൻ' എന്ന കഥയിൽ തൻെറ മുന്നിലിരിക്കുന്ന രജിസ്റ്ററിൻെറ കാലപ്പഴക്കം സൂചിപ്പിക്കാൻ അദ്ദേഹം ആശ്രയിക്കുന്ന രചനാസങ്കേതം ഉറുമ്പും ചിതലും ഇരട്ടവാലനു മൊക്കെയാണ്. തിരക്കുപിടിച്ചതും മാറ്റിവയ്ക്കപ്പെട്ടതുമായ ഒരുപാട് ഫയലുകൾക്കി ടയിൽ കുടുങ്ങിക്കിടക്കുന്ന ആധുനികമനുഷ്യനെ എസ്.വി ഈ കഥയിൽ അടയാളപ്പെടു ത്തുന്നത് ഇപ്രകാരമാണ്; "ചിതലുകൾ നിക്ഷേപിച്ച നനഞ്ഞ മണ്ണു തട്ടിനീക്കി രജിസ്റ്റ റെടുത്തു തുറന്നു. പുറന്താലിനു കട്ടിയുണ്ടായതു നന്നായെന്നു വിചാരിച്ചു. വർഷങ്ങൾ കൊണ്ടെഴുതി പിന്നിട്ട താളുകൾ മറിച്ചു നോക്കി. അവയ്ക്കിടയിൽ നിന്നു മരിച്ച്, ഞെരിഞ്ഞ്, ഉണങ്ങി ഭംഗിയായ ഒരിരട്ടവാലൻ വന്നു. ഇതിനെ ജീവനോടെ താൻ ഒരിക്കലും കാണുകയുണ്ടായിട്ടില്ല. ഈ ജനനമരണക്കണക്കു രജിസ്റ്ററിനുള്ളിൽ തന്നെ ഇതിൻെറ ജനനവും മരണവും നടന്നിരിക്കണം." ഇത്തരത്തിൽ സൂക്ഷ്മ ജീവികളിലൂടെ തീർക്കുന്ന അത്ഭുതാവാഹകമായ കഥാപരിസരമാണ് എസ്.വിയുടെ കഥകളെ വ്യത്യസ്തനാക്കുന്നത്. മനുഷ്യനും മുന്നേ ഈ പ്രകൃതിയിൽ സൂക്ഷ്മജീവികളുടെ ആധിക്യമുണ്ടായിരുന്നുവെന്നും സന്തുലിതമായ ജീവിതപരിസരം മനുഷ്യനും സഹ ജീവികൾക്കും വേണമെന്നും മനുഷ്യനുമുന്നിൽ മാതൃകയാകുന്നവയാണ് ഇത്തരം സൂക്ഷ്മജീവികളെന്നും അദ്ദേഹം കഥകളിലൂടെ പറയുന്നു. അദ്ദേഹത്തിൻെറ പരിസ്ഥിതി ദർശനത്തിൻെറ പ്രത്യക്ഷോദാഹരണമാണിത്. അതുകൊണ്ടാണ് 'വസുമതിയുടെ പങ്കാളികൾ' എന്ന കഥയിൽ ഈ മണ്ണിന് മനുഷ്യർ മാത്രമല്ല അവകാശികൾ എന്ന് അദ്ദേഹം തുറന്നുപറയുന്നത്. മനുഷ്യർ മണ്ണിൻെറ അവകാശം ഉറപ്പിച്ചെടുക്കുന്നത് പട്ടയം പോലുള്ള മനുഷ്യനിർമ്മിതമായ കടലാസുരേഖകളുടെ പിൻബലത്തിലാണ്. എന്നാൽ അതിനുമുമ്പ് ഈ ഭൂമിക്കും മണ്ണിനും അവകാശികളായ അനേകജീവികൾ ഇവിടുണ്ട് എന്ന് അദ്ദേഹം

തുറന്നെഴുതിയിട്ടുണ്ട്. 'നീ കണ്ടില്ലേ,പരിഷ്കാരികളും അറുപ്രാ കൃതരും. നാനാതരം പക്ഷികൾ, മൃഗങ്ങൾ,ഇഴജന്തുക്കൾ. ജീവിച്ചിരുന്നപ്പോൾ ഇവയിൽ പലതിനേയും ഞാൻ കണ്ടിട്ടില്ല. ആദികാലം മുതൽ ഈ ഭൂമിയെ അവകാശമാക്കി വസിച്ചവരെല്ലാമുണ്ടീക്കൂട്ടത്തിൽ' എന്ന് കഥയെഴുത്തിലൂടെ പ്രഖ്യാപിച്ചതാണ് എസ്.വി.

എസ്.വി തന്റെ കഥകളുടെ കഥാപരിസരത്തിലേക്ക് വായനക്കാരെ കൂട്ടിക്കൊ ണ്ടുപോകുന്നത് പ്രകൃതിയുടെ വർണനയിലൂടെയാണ്. ഓരോ മനുഷ്യനിലും കഥയുണ്ട് എന്നു പറയുന്നതുപോലെ ഒരു പ്രകൃതിയിലുമുള്ള കഥകൾ കണ്ടെത്താനാണ് കഥാകാരൻ ശ്രമിക്കുന്നതെന്നു തോന്നുംവിധമാണ് ഈ ആഖ്യാനങ്ങളോരോന്നും. അദ്ദേഹത്തിന്റെ ഓരോ കഥകളുടെയും കഥയിലേക്കുള്ള ചാലുകൾ കീറുന്നത് പ്രകൃതിയെ കടഞ്ഞെടുത്തിട്ടാണ്. അത് അദ്ദേഹത്തിന്റെ കഥകളുടെ രചനാ സവിശേഷതയായി മാറുന്നു. 'കാലവർഷത്തിന്റെ വിരൽപ്പാടുകൾ മാഞ്ഞിട്ടില്ലാത്ത മണൽപ്പരപ്പിൽ മലർന്നു കിടന്ന് ആകാശം കാണുകയായിരുന്നു'(ഞാൻ നീയുമീ ഞാനും മാത്രം), 'വൃദ്ധൻ ആ പാറയിലിരുന്നു. യമുനയുടെ ഓളങ്ങൾ ആ തടശിലയെ വലംവെച്ച് ഒഴുകി ക്കൊണ്ടിരുന്നു'(ഒരു പിതാവിന്റെ അന്ത്യം) എന്നിങ്ങനെ കഥാരംഭത്തിലും 'ബസ്സിനടിയിലെ വിടവിലൂടെ ഒന്നുരണ്ടു മഴത്തുള്ളികൾ തുമ്പികൈ വണ്ണത്തിൽ തലയിൽ വീണു. ഒരുവശത്ത് അത്യഗാധമായ ഗിരിശൃംഗങ്ങൾ. ഇരുളിൽ അവ ആകാശത്ത് തങ്കക്കസവു നെയ്യുകയാണെന്നു തോന്നി. മറുവശത്ത് അംബര ചുംബികളായ നെൽപ്പാടങ്ങൾ.അവയ്ക്കുമുകളിൽ ഓണത്തുമ്പികൾ ഒരു കുമ്പിൾ വെളിച്ചവുമായി ഒഴുകിനടന്നു. മനോജ്ഞമായ പ്രകൃതി'(അൾട്രാമോഡേൺ), 'മാവിന്റെ കൊമ്പുകളിലേക്ക് വാർദ്ധക്യം അടിച്ചു കയറിയിരുന്നു.തുലാവർഷക്കാറ്റിൽ ഉണങ്ങിയ കൊമ്പുകൾ കുരയ്ക്ക് മുകളിലേക്ക് ഒടിഞ്ഞുവീണു.പായൽ പിടിച്ച ഓടുകൾ'(വിമോചനം), 'പാടത്തിൽ വിത്തുപൊട്ടി മുളകൾ വരുമ്പോൾ, ഉടുത്ത പുത്തനപുടവയുടെ ശബ്ദ മുണ്ടാക്കി കതിർക്കുലകൾ ആടിയുലയുമ്പോൾ, പഴുത്ത നെന്മണികൾ മാനത്തുനോക്കി രസിച്ചുകിടക്കുമ്പോൾ-എന്നും ആ പക്ഷി കമ്പിക്ക് മുകളിൽ ഏകയായി, മൗനിയായിരിക്കുന്നത് കാണാറുണ്ട്'(ശമം), 'വേട്ടാവളിയൻകൂടുകൾ പൊട്ടിത്തുറന്നു കിടക്കുന്നു, ഭംഗിയില്ലാത്ത മൺപോടുകൾ, അതിനുള്ളിലെ മുട്ട, പുഴുവായി, ശലഭമായി പരിണമിച്ച്' (സംബന്ധാതിശയോക്തി) എന്നിങ്ങനെ കഥകളിലും പ്രകൃതിയുടെ സൂക്ഷ്മമായ വർണ്ണനകൾ കാണാം. മനുഷ്യ ലോകം അദ്ദേഹം കഥകളിൽ സൃഷ്ടിച്ചെടുക്കുന്നത് പ്രകൃതിയുടെ പിൻബലത്തോടെ യാണ് എന്നു സാരം. മനുഷ്യൻ ഏതുകാലത്താണെങ്കിലും പ്രകൃതിയോടിണങ്ങി ജീവിക്കുന്ന പാരിസ്ഥിതികദർശനത്തെയാണ് അദ്ദേഹം തന്റെ കൃതികളിൽ പ്രകടിപ്പിക്കുന്നത്. പ്രകൃതിചൂഷണം, ആഗോളീകരണം, വാണിജ്യസംസ്കാരം എന്നിവയുടെ ആധിപത്യത്താൽ ജീവിതത്തിന്റെ സ്വാഭാവികതയും അസ്തിത്വവും നഷ്ടപ്പെട്ടുപോയ മനുഷ്യരെയല്ല എസ്.വിയുടെ കഥാലോകത്തിൽ കാണാൻ കഴിയുന്നത്. മറിച്ച് സമഗ്രമായ ജൈവദർശനത്തിന്റെ കാതലുറപ്പുള്ള മനുഷ്യ ലോകത്തെ അദ്ദേഹം തന്റെ കഥകളിലൂടെ നിർമ്മിച്ചെടുക്കുന്നു.

പ്രകൃതിയിൽ ഈശ്വരചൈതന്യം കാണുന്ന ചിന്താപദ്ധതി പരിസ്ഥിതി ദർശനത്തിന്റെ ആദ്യഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. പ്രകൃതിയിലെ ജീവചൈ തന്യത്തെ ഈശ്വരാംശമായിക്കണ്ട് ആരാധിച്ചുവന്ന പ്രാചീന ജനസമൂഹങ്ങളുടെ വിശ്വാസസംഹിതകളിൽ വൈവിധ്യമാർന്ന സൃഷ്ടിരഹസ്യങ്ങളെ ആധാരമാക്കി ദൈവവൈവിധ്യം രൂപംകൊണ്ടു. കല്ലിലും മണ്ണിലും പുല്ലിലും പൂവിലുമൊക്കെ ഈശ്വരാംശം കണ്ട് വണങ്ങിനിന്ന ഈ വൈവിധ്യമാർന്ന ദർശനം പരിസ്ഥിതി ദർശനത്തിന്റെ കാതലായ അംശമായിരുന്നു. ഈ ദർശനം അവതരിപ്പിക്കുന്ന കഥയാണ് 'എന്റെ പരദൈവങ്ങൾ'(1993). 'നേർത്ത പാടം, പാടത്തിൻകരയിൽ കൈചൂണ്ടിപാറ.അതായത് മൂന്ന് പാറകൾ. മാടനും യക്ഷിയും ഭൂതവും.... ആ ദൈവങ്ങൾ നാടിന കാത്തു. നെല്ലും തേങ്ങയും വിളയിച്ചു.പനകളിൽ അക്കാനി നിറച്ചു. മനം പോലെ മഴയും വെയിലും കൊണ്ടുവന്നു.... ആവണിയിലാണ് പെരുംകെടുതി. അന്ന് പാറകൾക്ക് മുന്നിൽ മുരിക്കിൻകമ്പു നിറുത്തി, കുരുത്തോല മെടഞ്ഞു വളച്ചുവെയ്ക്കും. കുരുത്തോല യിൽ പ്ലാവിലകെട്ടി തോരണം ചാർത്തും.എട്ടു ദിക്കിലും പന്തം കൊളുത്തും...' എന്നിങ്ങനെ നീളുന്ന കഥയിൽ പ്രകൃതിപൂജ

ഒരു ജനതയിൽ ആഴത്തിലെങ്ങനെ വേരോടിയിരിക്കുന്നുവെന്ന് എസ്.വി കാണിച്ചുതരുന്നു. പ്രകൃതിയിലധിഷ്ഠിതമായ ഒരു ജനതയുടെ വിശ്വാസപാരമ്പര്യത്തിന്റെ പരിണാമം കഥയിൽ കാണാം. പ്രകൃതിയിൽനിന്ന് അകന്ന് കോർപ്പറേറ്റ് കെട്ടിടങ്ങളിൽ ജീവിതം ഹോമിക്കുന്ന മനുഷ്യരൂപങ്ങളെയാണ് ആധുനികമനുഷ്യനായി കലാചരിത്രത്തിൽ രേഖപ്പെടുത്തിയി ട്ടുള്ളത്. ആധുനികനായി ജീവിക്കുമ്പോഴും തന്റെ അസ്തിത്വം അന്വേഷിക്കുന്ന കഥാപാത്രങ്ങളെ മലയാളചെറുകഥാസാഹിത്യത്തിൽ നമ്മളൊരുപാട് കണ്ടിട്ടുണ്ട്. പക്ഷേ, അതിൽ നിന്ന് വ്യത്യസ്തമായ കഥാപരിസരത്തെ എസ്.വി തന്റെ കഥകളിൽ അവതരിപ്പിക്കുന്നത് അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതികദർശനത്തിലൂടെയാണ്. ആധുനികം-ആധുനികാനന്തരം എന്നിങ്ങനെ മനുഷ്യൻ തന്റെ കാഴ്ചപ്പാടുകളിലൂടെയും ലോകവീക്ഷണത്തിലൂടെയുമാണ് ചലനാത്മകത സൃഷ്ടിക്കുന്നത്. എന്നാൽ നാം ജീവിക്കുന്ന പരിസ്ഥിതിയിൽ ഈ മാറ്റങ്ങൾ അനുക്രമമായി നടക്കുന്നതല്ല, മറിച്ച് നമ്മളീ ലോകക്രമത്തെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്നതാണെന്ന് എസ്.വി സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടാണ് 'അൾട്രോമേഡേൺ'(1968) എന്ന കഥയിലെ ആധുനികമനുഷ്യരെയെല്ലാം യാത്രക്കിടയിലെ ഉറക്കത്തിൽനിന്നുണർത്താൻ ബസിൽക്കയറിയ മൂന്ന് ആട്ടിൻകുട്ടികളെ എസ്.വി ഉപയോഗിക്കുന്നത്. ഈ കഥയിൽത്തന്നെ 'സമയം മുയലിനെപ്പോലെ ഇഴഞ്ഞുനീങ്ങുന്നു, ഏകാകിയായ തവള വിരഹഗാനമുതിർക്കുന്നു, ഇരുണ്ട ഉള്ളറകളിൽനിന്ന് ചീവീടുകൾ തേങ്ങുന്നു, ഓർമ്മകൾക്കുമേലെ പുളവന്മാർ ഓടിനടക്കുന്നു' എന്നിങ്ങനെ പ്രകൃതിവർണ്ണനകളെ ആധുനികജീവിതത്തെ താരതമ്യപ്പെടുത്താൻ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. മനുഷ്യർ പ്രകൃതിക്ക് മുന്നേയല്ല, പ്രകൃതി മനുഷ്യന് മുന്നിലാണ് സഞ്ചരിക്കുന്നതെന്ന് അനുവാചകരെ കാണിച്ചുതരുന്നതാണ് ഈ കഥാഭാഗം. മനുഷ്യജീവിതത്തിന്റെ ക്ഷണികമായ മഹൂർത്തങ്ങളെപ്പോലും ഉപമിക്കാൻ അദ്ദേഹം സ്വീകരിക്കുന്ന വഴിയാണിത്. സമാനമായിത്തന്നെ 'ശമം' എന്ന കഥയിൽ ടെലഗ്രാഫ് കമ്പികളിൽ ലോകത്തെ എല്ലാ മനുഷ്യരും പരസ്പരം സമ്പർക്കത്തിലേർപ്പെടുമ്പോൾ എസ്.വി അവയെ ഉപയോഗിച്ചത് നീണ്ടവാലുള്ള കറുത്തപക്ഷി തൂങ്ങിക്കിടക്കുന്ന മാധ്യമ മായിട്ടാണ്. ഇത്തരത്തിൽ ആധുനികതയുടെ അടയാളങ്ങളായ കറണ്ടു കമ്പികളികളലും സിമന്റ് ബഞ്ചുകളിലും എസ്.വി കണ്ടെത്തുന്നത് ആധുനിക മനുഷ്യരെയല്ല, മറിച്ച് ആധുനികതാബോധം തൊണ്ടുതീണ്ടാത്ത പ്രകൃതിയെയാണ്. അതുകൊണ്ടാണ് 'സംബന്ധാതിശയോക്തി' എന്ന കഥയിൽ മഞ്ഞച്ചായം തേച്ച മുറിയിലെ കറങ്ങുന്ന ഫാനിനു മുകളിലെ വേട്ടാവളിയൻകൂടിലും മുറ്റത്തെ ചിതൽപ്പുറ്റിലും ഗർഭിണിയായി സ്ത്രീക്ക് മറ്റൊരു ജീവനെ കണ്ടെത്താൻ സാധിക്കുന്നത്. ഇത്തരത്തിൽ ആധുനികമായ കഥാപരിസരത്തിൽ നിലകൊള്ളുമ്പോഴും മനുഷ്യനെ നിയന്ത്രിക്കുന്നതും നയിക്കുന്നതും പ്രകൃതിയാണെന്ന് എസ്.വി കഥകളിലൂടെ കാണിച്ചുതരുന്നു. അതുകൊണ്ടാണ് 'കാലം കൊണ്ട് ആധുനികനും പ്രകൃതികൊണ്ട് ആധുനികതയുടെ വിമർശകനുമായ കഥാകാരൻ' എന്ന് എസ്.വി-യെ പി.കെ രാജശേഖരൻ വിശേഷിപ്പിച്ചത്. ആധുനിതതാവിമർശനത്തിന്റെ ഒരു പൊതു പ്രവണത കാല്പനികതയോടും പാരമ്പര്യത്തോടുമുള്ള ആഭിമുഖ്യമാണ്. എന്നാൽ എസ്.വി കഥകളിൽ അത്തരം പ്രവണതകൾ കാണുന്നില്ല. അദ്ദേഹം താൻ ജീവിക്കുന്ന കഥാപരിസരത്തിൽ നിന്നും രൂപപ്പെടുത്തിയെടുക്കുന്ന മനുഷ്യരെയാണ് അവതരിപ്പി ക്കുന്നത്. പ്രകൃതിക്കെന്ന പോലെ കാല്പനികവും ആധുനികവുമായ വേർതിരിവു കളില്ലാത്ത കഥാപരിസരമാണ് എസ്.വി സൃഷ്ടിച്ചെടുക്കുന്നത്. പ്രകൃതിയുമായി സമമായ ജീവിതം കാഴ്ചവെക്കുന്ന മനുഷ്യരെയാണ് അദ്ദേഹം അതിനായി വിഭാവനം ചെയ്തെടുക്കുന്നത്.

ജൈവാജൈവഘടകങ്ങളുടെ പാരസ്പര്യത്തെക്കുറിച്ചും പരിസ്ഥിതിശാസ്ത്രം പകർന്നുതരുന്ന അറിവുകളെ കഥാനുഭവമായും മാറ്റാനാണ് അദ്ദേഹം ശ്രമിക്കുന്നത്. 'മംഗളസ്വരൂപൻ'(2003) എന്ന കഥ അത്തരത്തിലൊന്നാണ്. 'വലിയൊരു പറമ്പ്, പറമ്പിന്റെ വടക്കേകോണിൽ നാലുകെട്ടായ കോളജ്, നടുമുറ്റം നിറയെ വൃക്ഷങ്ങൾ. മാവ്, പ്ലാവ്,നെല്ലി, യക്ഷിപ്പാല തുടങ്ങിയ നാടൻ ജനസ്സുകൾ മാത്രം. കോളേജും ഹോസ്റ്റലും ഒഴിച്ചാൽ ശേഷിക്കുന്ന വിശാലമായ പറമ്പാകെ മരങ്ങൾ നിറഞ്ഞു തൂങ്ങിനിൽപ്പാണ്. വള്ളികൾ തൂങ്ങുന്ന അരയാലും താളം ഉണരുന്ന പനയും എന്നും ചിരിക്കുന്ന കണിക്കൊന്നയും. പിന്നെ പേരറിയാത്ത പലതരം വൃക്ഷങ്ങൾ, വള്ളികൾ. പറമ്പ് തെക്കോട്ടിറങ്ങിയിറിങ്ങി പുഴയിലെത്തും..'എന്നിങ്ങനെ തുടരുന്ന കഥാപരിസരത്തെപ്പറ്റിയുള്ള വർണനകളിൽ നിറഞ്ഞുനിൽക്കുന്നതത്രയും ജൈവ വൈവിധ്യത്തെകുറിച്ചുള്ള

സൂചനകളാണ്. ഋതുഭേദങ്ങളിൽ പ്രകൃതിക്ക് സംഭവിക്കുന്ന സൗന്ദര്യാത്മകതയും കാലാന്തരത്തിൽ അതേ പ്രകൃതിയിൽ മനുഷ്യർ നടത്തുന്ന വനനശീകരണം സംബന്ധമായ സൂചനകളും അത് ബാധിക്കുന്ന മനുഷ്യാവസ്ഥയും കഥയിൽ പരാമർശിക്കുന്നുണ്ട്. പ്രകൃതിനാശം പ്രമേയമായി എസ്.വി എഴുതിയ ശ്രദ്ധേയമായ കഥയാണിത്. 'പുഴ ക്ഷയരോഗിണിയായി മാറിയിരുന്നു. അവളുടെ ഉടലാകെ ഉഷ്ണപ്പുണ്ണു പിടിച്ചപോലെ വരണ്ടു കരിഞ്ഞ പുൽമേടുകൾ. ഉദകത്തിനുപോലും നീരില്ലാതെ തേങ്ങുന്ന ആറ്.' എന്ന കാഴ്ചയും പ്രകൃതിയെ സ്നേഹിക്കുന്ന, പ്രകൃതിജീവനം ഇഷ്ടപ്പെടുന്ന മനുഷ്യരെ ഭ്രാന്തന്മാരായി മുദ്രകുത്തുന്നതും മലയാളികൾക്ക് അന്യമല്ല. വനനശീകരണം ഒരു പ്രദേശത്തിന്റെ ജൈവാവസ്ഥയെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ഈ കഥ വ്യക്തമാക്കുന്നുണ്ട്. എസ്.വിയുടെ രചനകളിൽ ജൈവവൈവിധ്യവർണന മനസ്സിനെ കുളിർമ്മയുള്ളതാക്കുകയും പരിസ്ഥിതിനാശം വേദനയുളവാക്കുന്നതായും അനുഭവപ്പെടുന്ന തരത്തിലാണ് അദ്ദേഹത്തിന്റെ ആഖ്യാനം. മംഗളസ്വരൂപനിലെ ജൈവവൈവിധ്യത്തിന്റെ നശീകരണം നമ്മുടെ ചുറ്റിലും സംഭവിക്കുന്നതായി നമ്മുക്കും അനുഭവപ്പെടുന്നത് അതുകൊണ്ടാണ്.

പ്രകൃതിയിലെ ഒറ്റപ്പെട്ടതോ കേന്ദ്രബിന്ദുവോ ആയി മനുഷ്യനെ അദ്ദേഹം കണക്കാക്കാതെ 'പ്രകൃതിയിൽ മനുഷ്യൻ ഉള്ളടങ്ങുന്നു' എന്ന നൂതനാശയമാണ് എസ്.വി തന്റെ കഥകളിൽ അവതരിപ്പിക്കുന്നത്. 'എന്റെ തലക്കുമീതെ പീലിത്തഴ വിടർത്തിയാടുന്ന ഇളംചില്ലുകൾ, അവയുടെ ഹരം പിടിപ്പിക്കുന്ന കിന്നരം കാതിൽ. ഓടവെള്ളത്തിന് റോഡ് ക്രോസ് ചെയ്യുവാനുള്ള വൻ കുഴൽ എന്റെ കാൽച്ചുവട്ടിലൂടെ അതീവരഹസ്യമായി നുണുപോകുന്നു'(കഥ-ചോദ്യങ്ങൾ)എന്നു പറയുന്നതിലൂടെ മനുഷ്യനും മനുഷ്യനിർമ്മിതമായ ജീവിതവ്യവസ്ഥകളും പ്രകൃതിയിലെ അടരുകളാണെന്ന് കഥാകാരൻ സൂചിപ്പിക്കുന്നു. ഇതേ കഥയിൽത്തന്നെ മനുഷ്യഗന്ധമേറ്റാൽ പക്ഷിമൃഗാദികൾക്കുപോലും വിശിഷ്ടനാമം കിട്ടും എന്നു പറയുന്നതിലൂടെ മനുഷ്യനിർമ്മിതമായ ലോകസൂചന നൽകുന്നു. തുടർന്നു വരുന്ന ഭാഗത്ത് 'വൃക്ഷത്തലപ്പുകൾക്ക് മുകളിൽ ഇരുൾ ചിറകുവിടർത്തി പറക്കാൻ തുടങ്ങിയിരുന്നു. അതു മണ്ണിലേക്കിറങ്ങുമ്പോൾ കുറേക്കൂടി കനമുള്ള ചോദ്യങ്ങൾ എന്നെത്തേടിയെത്തിയേക്കാം. ഭേദ്യം ചെയ്താൽപ്പോലും മറുപടി നൽകാനാവാത്ത ചോദ്യങ്ങളുടെ ആദിയന്തമില്ലാത്ത പട്ടിക ഫണം വിടർത്തി ഇഴഞ്ഞുവരുന്നത് ഞാൻ കണ്ടു. ഇവിടെ നിന്നെണീറ്റോടിയതുകൊണ്ട് അതിൽനിന്നു മോചനം ലഭിക്കില്ല. ഓട്ടത്തിന്റെ ക്ഷീണം മാത്രം നേട്ടമാകും' എന്നു പറയുന്നതിലൂടെ മനുഷ്യനിർമ്മിത മായ ലോകവ്യവസ്ഥ പ്രകൃതിക്ക് നാശമുണ്ടാക്കുന്നതാണെങ്കിൽ അത് പല പ്രത്യാഘാതങ്ങൾക്ക് വഴിതെളിക്കുമെന്നും അതിൽ നിന്നൊരിക്കലും മനുഷ്യകുല ത്തിന് മോചനം കണ്ടെത്താൻ കഴിയില്ലെന്നുമുള്ള സൂചന നൽകുന്നുണ്ട്. ഇന്ന് നാമനുഭവിക്കുന്ന പല പാരിസ്ഥിതികപ്രശ്നങ്ങളും ഇത്തരത്തിലുണ്ടായതാണെന്ന സത്യം ഇവിടെ അന്തർലീനമായിരിക്കുന്നു. 'ഓരോ വട്ടവും ഭൂഗുരുത്വത്തിൽനിന്ന് രക്ഷപെടും മട്ടിൽ തെറിച്ചുതെറിച്ചു അയാൾ നടന്നു'വെന്ന് പറയുന്നതിലൂടെ ഭൂമിയിലേക്ക് എല്ലാ ചരാചരങ്ങളും പരസ്പരബന്ധിതമാണെന്നു സൂചിപ്പിക്കുന്നു. ചോദ്യങ്ങൾ എന്ന ഈ കഥ അവസാനിക്കുന്ന ഭാഗത്ത് 'ചോദ്യമില്ലാത്തൊരു ഉത്തരമായി ഞാൻ തീരുന്ന കാലത്ത് നേരെ എതിർവശത്ത് ചെന്നിരിക്കാം. ബഹുമാനപ്പെട്ട സർക്കാർ എന്റെമേൽ ഒരു എ ക്ലാസ് സർട്ടിഫിക്കറ്റ് പതിച്ചുതരും. ഏതു ഭാരവും കയറ്റിയിറക്കാവുന്നതാണെന്നു കുറിച്ചുവയ്ക്കും' എന്ന് പറയുന്നതിലൂടെ പ്രകൃതി നേരിടുന്ന ചൂഷണത്തെ സൂചിപ്പിക്കുന്നു. ഇവിടെ ഏതു ഭാരവും കയറ്റിയിറക്കാവുന്നതായി സൂചിപ്പിക്കുന്നത് പ്രകൃതിയെയാണ്. സർക്കാർ അനുമതി യോടെ നടക്കുന്ന ക്വാറികളും മറ്റ് വികസനപദ്ധതികളും ഇന്നാട്ടിലെ പ്രകൃതിയുടെ അസുന്തുലിതാവസ്ഥ നഷ്ടപ്പെടുത്തി പ്രകൃതിനാശത്തിനും ദുരന്തത്തിനും കാരണ മാകുന്നു.

മണ്ണ് മനുഷ്യന് നിലനിൽപ്പിനു വേണ്ടിയുള്ള ഭൗതികവസ്തുവല്ല, മറിച്ച് അവന്റെ അധികാരവും സ്വാർത്ഥതയും പ്രയോഗിക്കാവുന്ന ഒന്നായിട്ടാണ് മനുഷ്യകുലം നാളിന്നുവരെ കണക്കാക്കിയിട്ടുള്ളത്. മണ്ണിനു വേണ്ടി അടികൂടുന്നവരുടെ കണ്ണുതുറപ്പിക്കുന്ന കഥയാണ് 'വസുമതിയുടെ പങ്കാളികൾ'. മരണാനന്തരം നമ്മുക്ക് അവകാശപ്പെട്ടതായി ഒന്നുമില്ലെന്നും പട്ടയംപോലെയുള്ള കടലാസുകളാൽ നാം സ്വന്തമാക്കിവെക്കുന്ന ഭൂമിക്ക് പോലും മുൻപേ അവകാശികളുണ്ടായിരുന്നുവെന്നും ഭൂമി ആരുടെയും സ്വന്തമല്ലെന്നും ഈ കഥ ഉദ്ബോധിപ്പിക്കുന്നുണ്ട്. സമാനമായ 'മണ്ണ് നിന്നിലേക്കു പോകുന്നു' എന്ന കഥയ്ക്ക് അല്പം ആക്ഷേപഹാസ്യസ്വഭാവം കൂടിയുണ്ടെങ്കിലും സമകാലികപ്രസക്തിയുള്ളതാണ്. ഭരണം തുടർന്നു

പോരുന്നതിനും സ്വാർത്ഥലാഭത്തിനുമായി വിവിധ രാഷ്ട്രീയകക്ഷികൾ പ്രകൃതിയെ വിറ്റുനശിപ്പിക്കുന്ന തിനെതിരെ തനിക്ക് അവകാശപ്പെട്ട മണ്ണ് തിന്നുന്ന വീരരാഘവപ്പെരുമാളാണ് കഥയിലെ മുഖ്യകഥാപാത്രം. മണ്ണിലേക്ക് മനുഷ്യൻ പോകുന്നതിനു പകരം മണ്ണ് മനുഷ്യനിലേക്കു പോകുന്നുവെന്ന പ്രയോഗം തന്നെ പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യക്കൊതിക്കെതിരെയാണ് വിരൽച്ചൂണ്ടുന്നത്. മണ്ണിൻെറ പേരിലുള്ള അവകാശ തർക്കങ്ങളിലൂടെയാണ് മനുഷ്യകുലം വികസിച്ചു വന്നത്. ഒരു മനുഷ്യൻ അവകാശ വാദം ഉന്നയിച്ച് പലപ്പോഴും ലഹളയിലേർപ്പെടുന്നത് മണ്ണിൻെറ പേരിൽക്കൂടിയാണ്. മനുഷ്യസഹജമായ ഈ വാസനയെ കളിയാക്കുന്ന വിധത്തിലാണ് അദ്ദേഹം ഈ കഥയെഴുതിയിട്ടുള്ളത്. മനുഷ്യരുടെ അവകാശത്തിനു കീഴിൽ വരുന്നതല്ല മണ്ണ്. മണ്ണിനുമേലെയുള്ള അധികാരബോധം നൈമിഷികമാണെന്ന ഓർമ്മപ്പെടുത്തൽ ക്കൂടിയാണ് ഈ കഥകൾ. പ്രകൃതിവിഭവങ്ങൾ സുസ്ഥിരമായ ജീവിതത്തിന് അനിവാര്യ മായതാണെന്ന് എസ്.വി തൻെറ കഥകളിലൂടെ ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ സുസ്ഥിരമായ പ്രകൃതിദർശനമായിരുന്നു എസ്.വിയുടേത്. മനുഷ്യകുലത്തിൻെറ നിലനിൽപ്പിന് പ്രകൃതി അനിവാര്യമാണെന്നും പ്രകൃതിയിൽ നിന്ന് വേറിട്ട് മനുഷ്യനൊരു നിലനില്പ് ഉണ്ടാവില്ലെന്നും അദ്ദേഹത്തിൻെറ ഓരോ കഥകളും ഓർമ്മിപ്പിക്കുന്നു

ഉപസംഹാരം

മനുഷ്യരുടെ ജൈവികമായ സ്വത്വത്തെ പ്രകടിപ്പിച്ചുകൊണ്ടാണ് എസ്.വി വേണുഗോപൻനായർ തൻെറ ഓരോ കഥകളും രചിച്ചിട്ടുള്ളത്. പാരിസ്ഥിതികമായ ഐശ്വര്യസമൃദ്ധികളും ജൈവവൈവിധ്യവും ഓരോ കഥകളിലൂടെയും പ്രകടമാകുന്നു. പരിസ്ഥിതിയുടെ വൈവിധ്യപൂർണ്ണമായ തലങ്ങളും ഭാവങ്ങളും ഓരോ കഥകളിലും കടന്നുവരുന്നു. പുഴയും മലയും കാറ്റും ഇരട്ടവാലനെന്ന സൂക്ഷ്മജീവിയും ചിതലും ഉറുമ്പും പൂച്ചയും നായയും നായച്ചെള്ളും സർപ്പവും തുടങ്ങി ആടും ഒട്ടകവും ആനയും വരെ എസ്.വിയുടെ കഥാപാത്രങ്ങളായി മാറുന്നു. വാനരിൽ നിന്നു നരനായ മനുഷ്യകഥകളിൽ ജൈവലോകം കടന്നുവരുന്നതും വന്യമായ പരിസ്ഥിതി പിന്നബലമേകുന്നതും സ്വാഭാവികമാണെന്ന ചിന്ത എസ്.വി മുന്നോട്ടുവെയ്ക്കുന്നു.

മണ്ണിനും പ്രകൃതിക്കും മേലെയുള്ള അധികാരബോധമാണ് മനുഷ്യനെ സ്വാർത്ഥരും അഹങ്കാരികളുമാക്കുന്നത്. എന്നാൽ മണ്ണ് കേവലം മനുഷ്യജീവിതത്തിൻെറ നിലനിൽപ്പിനടിസ്ഥാനമായ ഭൗതികവസ്തു മാത്രമാണെന്ന് അദ്ദേഹം തൻെറ കഥകളിലൂടെ ഓർമ്മിപ്പിക്കുന്നുണ്ട്. പാമ്പുകൾ ഇഴഞ്ഞുവരുന്നതും ആടുകളുടെ മണം പരക്കുന്നതും നായ കുരച്ചുകൊണ്ട് നോക്കുന്നതും ഓട്ടമത്സരം ജയിച്ച ആമ സ്വാർത്ഥയായി ജീവിക്കുന്നതും എസ്.വിയുടെ ആധുനികമായ കഥാപരിസരത്തിലാണ്. എസ്.വിയുടെ കഥാലോകത്തിലെവിടെയും വളർത്തു മൃഗങ്ങളെ കാണാൻ സാധിക്കുന്നില്ല, മറിച്ച് പ്രകൃതിയിൽ അലയുന്ന ജീവലോകമാണ് അദ്ദേഹം സൃഷ്ടിച്ചത്. അത്തരത്തിൽ കാട്-നാട് ദ്വന്ദവും പ്രകൃതി-സംസ്കൃതി ദ്വന്ദവും രണ്ടായല്ല, മറിച്ച് പരസ്പരാശ്രയങ്ങളായ കണ്ണിയായിട്ടാണ് കഥകളിൽ കാണുന്നത്. പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കല്ല എസ്.വി വിഭാവനം ചെയ്യുന്ന പരിസ്ഥിതി ദർശനം. മറിച്ച് ഏതൊരു മാനുഷികാവസ്ഥക്കും പിൻബലമായി നിലകൊള്ളുന്ന പരിസ്ഥിതിയുടെ അചേതനമായ ശക്തിയും സുസ്ഥിരതയുമാണ്.

### സഹായകഗ്രന്ഥങ്ങൾ


1. ആനന്ദ് കാവാലം, മലയാളകവിതയും പരിസ്ഥിതിയും, കറൻറ് ബുക്സ്, തൃശൂർ, 2013.
2. മധുസൂദനൻ.ജി, കഥയും പരിസ്ഥിതിയും, കറൻറ് ബുക്സ്, കോട്ടയം, 2002.
3. രാജശേഖരൻ എസ്, പരിസ്ഥിതിദർശനം മലയാളകവിതയിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010
4. വേണുഗോപൻനായർ എസ്.വി, എസ്.വിയുടെ കഥാലോകം സമ്പൂർണ്ണം, മാളുബെൻ പബ്ലിക്കേഷൻസ്, തിരുവന്തപുരം,2018.